# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1544 — 14.12.2012-ൽ മറുപടിക്ക്

### സംസ്ഥാനത്തെ നഗരവികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ ജോസഫ് വാഴക്കൻ<br>,, എ. റ്റി. ജോർജ്<br>,, ഹൈബി ഈഡൻ<br>,, വി. പി. സജീന്ദ്രൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ നഗരവികസന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) കെ.എസ്.യു.ഡി.പി പദ്ധതി പ്രകാരം കേരളത്തിലെ 5 പ്രധാന നഗരസഭകളായ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട് എന്നിവയുടെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് ഏഷ്യൻ വികസനബാങ്കിന്റെ സാമ്പത്തിക സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. ഇതിൽ നഗരങ്ങളുടെ ഗതാഗതം, മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ, ജലവിതരണശൃംഖല നവീകരണവും, സ്ഥാപിക്കലും, മലിനജല സംസ്കരണം, ചേരികളിൽ അധികസൗകര്യങ്ങൾ ഏർപ്പെടുത്തൽ, ചേരിനിവാസികളുടെ ഉപജീവനം, വെള്ളക്കെട്ട് നിവാരണം എന്നീ മേഖലകളിലാണ് പ്രധാനമായും ഊന്നൽ നൽകിയിരിക്കുന്നത്. നഗരസഭകളുടെ പ്രവർത്തന ശേഷി, കാര്യക്ഷമത, പ്രവർത്തന സുതാര്യത, സേവന സൗകര്യങ്ങൾ വേഗത്തിലും മെച്ചപ്പെട്ട രീതിയിലും പൗരൻമാർക്ക്, |

ലഭ്യമാക്കൽ, മുതലായവയിലും പരിവർത്തനങ്ങൾ വരുത്തുന്നതിന് (ഇ-ഗവർണൻസ്, ഗുഡ്ഗവർണൻസ്) സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആകെ നൂറിലധികം വ്യത്യസ്ഥ പദ്ധതികൾ ഉൾക്കൊള്ളുന്ന ഈ പദ്ധതിസഞ്ചയം, പാരിസ്ഥിതിക സാമൂഹിക പ്രശ്നങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്ന രീതിയിലാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിൽ ജലവിതരണത്തിനായി 10ഉം മലിനജലസംസ്കരണം പൊതുജനാരോഗ്യം എന്നിവയ്ക്കായി 20ഉം ജലനിർഗമന സംവിധാനത്തിനായി 11ഉം. ഖരമാലിന്യ സംസ്കരണത്തിനായി 43ഉം. ഗതാഗതവികസനത്തിനായി 16ഉം സദ്ഭരണത്തിനായി 2ഉം പദ്ധതികൾ ഉൾപ്പെടുന്നു. ഇതിനുപുറമേ, ചേരി നിർമ്മാർജ്ജനം, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, ഉപജീവന സൗകര്യങ്ങൾ എന്നിവയ്ക്കും പദ്ധതികളുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ പശ്ചാത്തലവികസന പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.റ്റി)യിൻ കീഴിൽ സംസ്ഥാനത്തെ നഗരസഭകളിൽ നടപ്പിലാക്കി വരുന്നവയാണ്-ഖരമാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള പരിപാലനം, മലിനജല നിർമ്മാർജ്ജനം തുടങ്ങിയ പദ്ധതികൾ കെ.എസ്.യു.ഡി.പി. യിൻ കീഴിലുള്ള പദ്ധതി നിർവ്വഹണ യൂണിറ്റ് നഗരസഭകൾ സന്ദർശിച്ച് പദ്ധതികൾ

കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മാസം തോറും അവലോകനയോഗം കൂടുകയും മറ്റു ബന്ധപ്പെട്ട വകുപ്പുതല ഉദ്യോഗസ്ഥരുമായി നിരന്തരം സമ്പർക്കത്തിലേർപ്പെട്ട് പദ്ധതി നിർവ്വഹണത്തിലെ കാലതാമസം ഇല്ലാതാക്കുന്നതിനായി നടപടികളും സ്വീകരിച്ചു വരുന്നു.

| | |
|---|---|
| ബി) കോർപ്പറേഷനുകളുടേയും നഗരസഭകളുടേയും വികസനപ്രവർത്തനങ്ങൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ; | (ബി) ഇല്ല. |
| സി) ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ കോർപ്പറേഷനും നഗരസഭകളും എടുത്തിട്ടുണ്ട് ; വ്യക്തമാക്കുമോ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ